പ്രൊമോഷൻ കൊടുത്തും ട്രാൻസ്ഫർ കൊടുത്തും എല്ലാം റദ്ദാക്കിയിരിക്കുകയാണ്. ഇതെല്ലാം നമ്മുടെ വിദ്യാലയങ്ങളുടെ, സ്വകാര്യ സ്കൂളുകളുടെ പ്രവർത്തനങ്ങൾ സ്തംഭിപ്പിച്ചിരിക്കുകയാണ്. അങ്ങ് അടിയന്തിരമായിട്ട് ഇടപെടണം. സ്റ്റാറ്റ്യൂട്ടറി അധികാരം എടുത്തുകളഞ്ഞു കൊണ്ടോ അതിനെ മറികടക്കാനുള്ള അധികാരം ഉപയോഗിച്ചോ വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അങ്ങ് നടപടി സ്വീകരിക്കണം. ഈ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ചുള്ള നിയമനങ്ങളും മറ്റ് നടപടികളും അംഗീകരിച്ചു കൊണ്ടുള്ള ഒരു തീരുമാനം അടിയന്തിരമായിട്ട് എടുക്കണം. അദ്ധ്യാപകരുടെ ആശങ്ക അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ വികസനേതര പ്രവർത്തനങ്ങൾ ചുരുക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ചിട്ടുള്ള ചെലവ് ചുരുക്കൽ ഉത്തരവുകളുടെ വ്യവസ്ഥകളിൽ നിന്നും സർക്കാർ സ്കൂളുകളേയും സ്വകാര്യ സ്കൂളുകളേയും ഒഴിവാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു. മേൽപ്പടി ഉത്തരവിലുള്ള വ്യവസ്ഥകളിൽ നിന്നും മേൽപ്പടി സ്കൂളുകളെ ഒഴിവാക്കുന്ന കാര്യം ഇപ്പോൾ മന്ത്രിസഭയുടെ സജീവ പരിഗണനയിലാണ്.

(10) മാനന്തവാടിയിൽ ബസ്സപകടം നടന്ന സ്ഥലത്തെ റോഡിൽ സംരക്ഷണഭിത്തി കെട്ടണമെന്ന ആവശ്യം

ശ്രീമതി രാധാരാഘവൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ മാനന്തവാടിയിൽ കഴിഞ്ഞ വർഷം ഒരു വൻ ബസ്സപകടം ഉണ്ടായി. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിമാർ സ്ഥലത്ത് വരികയും ആശ്വാസ നടപടികൾ സ്വീകരിക്കുകയും ചിലർ ചില ഉറപ്പുകൾ നൽകുകയും ചെയ്തു. എന്നാൽ അത് കഴിഞ്ഞ് പൊതുമരാമത്ത് വകുപ്പിന്റെ അനാസ്ഥ കൊണ്ട് അതിന്റെ തൊട്ട് മുകളിലായി രണ്ട് ബസ്സുകൾ കൂട്ടിമുട്ടി ഒരു ആദിവാസി മരിച്ചു, നാലഞ്ച് പേർക്ക് പരിക്ക് പറ്റി. അവർക്ക് അടിയന്തിര സഹായം നൽകണം. ബസ്സപകടം നടന്നത് മാനന്തവാടി പാലത്തിനടുത്ത് നിന്നും സ്കൂളിനടുത്തായ വളവിലാണ്. റോഡിന് പൊതുവെ വീതി കുറവാണ്. മലമ്പ്രദേശമായതുകൊണ്ട് മലകൾ വെട്ടി ഉണ്ടാക്കിയ റോഡുകളാണ്. ഇത്രയുമധികം ഗതാഗതം നടക്കുന്ന ഒരു റോഡ് വയനാട്ടിൽ വളരെ വിരളമാണ്. രണ്ട് വാഹനങ്ങൾക്ക് കഷ്ടിച്ച് യാത്ര ചെയ്യാവുന്ന ഈ റോഡിന്റെ ഒരു വശം വളരെ താഴ്ച്ചയുള്ളതാണ്. ഇവിടെ പാർശ്വഭിത്തിയോ പാർശ്വമതിലോ കെട്ടിയിട്ടില്ല. അപകടത്തെ തുടർന്ന് ചില മുളക്കമ്പുകൾ കൂട്ടികെട്ടി ഒരു താല്ക്കാലിക തടയിട്ടിട്ടുണ്ട്. ഒഴിഞ്ഞ ടാർ വീപ്പകളിൽ വെള്ള കുമ്മായം പൂശി അപകട മുന്നറിയിപ്പ് നൽകുന്നു. തീർന്നു, സർക്കാരിന്റെ ഭാഗത്തെ നടപടികൾ. ഇനിയും അനേകം അപകടങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. ഇതിന് പരിഹാരം കണ്ടെത്തുന്നതിനും ഈ വളവ് നിവർത്തുന്നതിനും, ഈ റോഡിന് പാർശ്വഭിത്തിയും മതിലും നിർമ്മിക്കാനും ഉള്ള ഉചിതമായ നടപടി സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണം. ഇതല്ലെങ്കിൽ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട് ദുഃഖം താങ്ങാനാകാതെ, ആൾക്കാരെ ഈ പ്രദേശവുമായിട്ട് ബന്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, വളരെ കാലമായുള്ള ഒരു പ്രശ്നമാണിത്. ഇതിന്റെ അപകട സാദ്ധ്യത കണ്ട് ആ വളവ് നികത്തി അതിന്റെ സൈഡ് വാൾ തീർക്കുന്നതിന് 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. അതിന് ഏറെ താമസിപ്പിക്കാതെ ഏറ്റവും വേഗം അനുമതി കൊടുക്കുന്നതാണ്.

(11) ഫിസിക്കൽ എഡ്യൂക്കേഷൻ, നീഡിൽ വർക്ക്, മ്യൂസിക്, ക്രാഫ്റ്റ്, ഡ്രോയിംഗ് എന്നീ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് സ്ഥിര നിയമനം നൽകുന്നത് സംബന്ധിച്ച്

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, കേരളത്തിലെ എല്ലാ ഭാഗത്തും പ്രത്യേകിച്ച് മലബാർ പ്രദേശത്ത് കോഴിക്കോട് ജില്ലയിൽ ഫിസിക്കൽ എഡ്യൂക്കേഷൻ, അതുപോലെ നീഡിൽ, മ്യൂസിക്, ക്രാഫ്റ്റ്, ഡ്രോയിംഗ് എന്നീ രംഗത്ത് ജോലി എടുത്തിരുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകന്മാരുടെ നിലവിലുള്ള പോസ്റ്റ് ഒഴിഞ്ഞാൽ പകരം ആളെ നിയമിക്കുന്നില്ല. അങ്ങനെ നിയമനം നിറുത്തിയ കുറേ സ്ഥലമുണ്ട്. പത്തും പന്ത്രണ്ടും പതിനഞ്ചും കൊല്ലമായി ജോലി എടുക്കുന്നവരുമുണ്ട്. ഈ മേഖലയിൽ ആളെ നിയമിക്കേണ്ടത് വളരെ അത്യാവശ്യമാണ്. കായിക രംഗത്ത് വളരെ പിന്നോക്കം പോകുന്ന നമ്മുടെരാജ്യം അതിലും വിശേഷിച്ച് കേരളം പുതിയ പ്രതിഭകളെ കണ്ടെത്തണമെങ്കിൽ കുട്ടിക്കാലം മുതൽ സ്കൂളുകളിൽ നിന്ന് ആരംഭിക്കണം. അതുപോലെ ഡ്രോയിംഗ് വേണ്ടിയിട്ടുള്ള രംഗങ്ങളിൽ. അതുപോലെ ഈ രംഗത്ത് നിയമനം കിട്ടിയിട്ടുള്ള ആളുകൾക്ക്, സ്കൂളിൽ ജോലി ചെയ്യുന്ന ആളുകൾക്ക് അവരുടെ പോസ്റ്റ് സ്ഥിരപ്പെടുത്താനും ഈ മേഖലയിൽ അദ്ധ്യാപകരെ നിയമിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

മി. ചെയർമാൻ : അങ്ങയുടെ അടിയന്തിര പ്രമേയത്തിലെ വിഷയവും ഇതായിരുന്നല്ലോ. സബ്മിഷൻ വന്നതുകൊണ്ടാണ് ഇത് അനുവദിക്കാതിരുന്നത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : ഇപ്പോൾ കെ.ഇ.ആർ. അമെന്റ് ചെയ്യുന്നതിന് ഒരു കമ്മിറ്റി വച്ചിട്ടുണ്ട്. ഡോ. ഗോപാലന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ ശുപാർശയിലെ പ്രധാനപ്പെട്ട ഒരു കാര്യമാണ് എല്ലാ സ്കൂളുകളിലും സ്പെഷ്യൽ ടീച്ചർമാർ വേണമെന്നുള്ളത്. കുറഞ്ഞത് ഫിസിക്കൽ എഡ്യൂക്കേഷന് ഒരു ടീച്ചർ, മ്യൂസിക്കിന് ഒരു ടീച്ചർ എല്ലാ സ്കൂളുകളിലും വേണമെന്നുള്ളത്. ആ റിപ്പോർട്ട് വളരെ ഗൗരവമായിട്ട് ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.അതുകൊണ്ട് ഈ പറഞ്ഞ നിർദ്ദേശങ്ങൾ ഗവൺമെന്റിന് കിട്ടിയ ഒരു എക്സ്പെർട്ട് കമ്മിറ്റിയുടെ ഒപ്പീനിയനിൽ ഉള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly